# വികൃതമാക്കപ്പെടുന്ന അമേരിക്കൻ മുസ്‌ലിം പ്രതിഛായ

**"സമകാലിക** സമൂഹത്തിൽ ഏറ്റവുമധികം പിരിമുറുക്കം അനുഭവിക്കുന്നവരാണ് അമേരിക്കൻ മുസ്‌ലിംകൾ. നാലുപാടുനിന്നും നിരീക്ഷിക്കപ്പെടുകയാണെന്ന തോന്നൽ അവരെ അസ്വസ്ഥരാക്കുന്നു." ഇസ്‌ലാമിക് സൊസൈറ്റി ഓഫ് നോർത്ത് അമേരിക്ക(ISNA)യുടെ പ്രസിഡന്റ് ഇൻഗ്രിഡ് മാറ്റ്സൻ അഭിപ്രായപ്പെട്ടു. ന്യൂയോർക്കിൽ നാലു ദിവസം നീണ്ട 'ഇസ്ന'യുടെ വാർഷിക സമ്മേളനത്തിൽ സമാപനപ്രസംഗം നടത്തുകയായിരുന്നു അവർ. അമേരിക്കയിൽ ആസൂത്രിതമായി വികൃതമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന മുസ്‌ലിംപ്രതിഛായയെക്കുറിച്ചുതന്നെയാണ് മിക്ക പ്രസംഗകരും സംസാരിച്ചത്. ഇസ്‌ലാമിന്റെ പേരിൽ ലോകത്തിന്റെ ചില ഭാഗങ്ങളിൽ നടക്കുന്ന ഭീകരാക്രമണങ്ങൾ, ഇറാഖ് യുദ്ധം, സയണിസ്റ്റ് ലോബിയുടെ ഇസ്‌ലാംവിരുദ്ധ പ്രോപഗണ്ട ഇതൊക്കെയാണ് അമേരിക്കയിൽ ഇസ്‌ലാമിനോട് ഇത്രയധികം അസഹിഷ്ണുത വളർത്തിയത്.

ഇരട്ട ടവർ ആക്രമണത്തിനു ശേഷം അമേരിക്കൻ മുസ്‌ലിംകൾക്ക് അവരുടെ പൗരാവകാശങ്ങൾ ഓരോന്നായി നിഷേധിക്കപ്പെടുകയാണ്. ഭരണകൂടം തങ്ങളുടെ മതവിശ്വാസത്തെ ഉന്നം വെക്കുകയാണ് എന്ന തോന്നൽ ഇത് മുസ്‌ലിംകളിൽ സൃഷ്ടിക്കുന്നു. "നമ്മിൽ പലരും സാമൂഹികസേവനത്തിന് ഉത്സുകരാണെങ്കിലും പൊതുസമൂഹം നമ്മെ നിരാകരിക്കുകയാണ്. മുസ്‌ലിംകൾക്കും പൊതുസമൂഹത്തിനുമിടയിൽ പരസ്പര വിശ്വാസം ചോർന്നുപോയിക്കൊണ്ടിരിക്കുന്നു എന്നാണിതിന്റെ അർഥം''- ഇൻഗ്രിഡ് മാറ്റ്സൻ കൂട്ടിച്ചേർത്തു.

വടക്കേ അമേരിക്കയിലെ മുസ്‌ലിം കൂട്ടായ്മകളുടെ ഏറ്റവും വലിയ പൊതുവേദിയാണ് ഇസ്ന. അതിന്റെ വാർഷിക സമ്മേളനത്തിൽ അര ലക്ഷത്തോളം പേർ പങ്കെടുക്കാറുണ്ട്. കഴിഞ്ഞ ആഗസ്റ്റ് 31-നാണ് സമ്മേളനത്തിന് തുടക്കം കുറിച്ചത്. മുസ്‌ലിംകളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇസ്നയുടെ വാർഷികസമ്മേളനം സ്പോൺസർ ചെയ്യാൻ നീതിന്യായ വകുപ്പ് തയാറാവുകയുണ്ടായി. വിവിധ ഗവൺമെന്റ് പ്രതിനിധികളും സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു.

മറുവശത്ത് എല്ലാ മുസ്‌ലിംസംഘടനകളെയും ഭീകര ലിസ്റ്റിൽ ഉൾപ്പെടുത്താൻ അമേരിക്ക ധൃതിപ്പെടുകയാണെന്ന വൈരുധ്യവും നിലനിൽക്കുന്നു. ടെക്സാസ് ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന ഹോളിലാന്റ് ഫൗണ്ടേഷൻ എന്ന മുസ്‌ലിം ധർമസ്ഥാപനം ഭീകരവാദികളെ സഹായിച്ചു എന്ന ആരോപണത്തിന്റെ പേരിൽ നിയമനടപടികൾ നേരിടുകയാണ്. ഇതോടനുബന്ധിച്ച് അമേരിക്കയിലെ നിയമകാര്യ വകുപ്പ് 300 മുസ്‌ലിം വ്യക്തികളെയും സംഘടനകളെയും സംശയത്തിന്റെ ലിസ്റ്റിൽ പേര് ചേർത്തിരുന്നു. അതിൽ 'ഇസ്ന'യും 'കെയറും' എല്ലാമുണ്ട്. ഈ വൈരുധ്യം അവസാനിപ്പിക്കണമെന്നും പ്രസംഗകർ ആവശ്യപ്പെട്ടു.

അമേരിക്കയിലെ ഏറ്റവും വലിയ ജൂത കൂട്ടായ്മയായ യൂനിയൻ ഫോർ റിഫോം ജൂതായിസം എന്ന സംഘടനയുടെ പ്രസിഡന്റ് റാബി എറിക് എച്ച്. യോഫി ഇത്തവണ ഇസ്ന സമ്മേളനത്തിൽ സംബന്ധിക്കാൻ എത്തിയിരുന്നു. ■

# കബളിപ്പിക്കൽ തുടരുന്നു

**സകല** മേഖലകളിലും ഇന്ത്യൻ മുസ്‌ലിംകളുടെ ദൈന്യാവസ്ഥ വെളിപ്പെടുത്തുന്ന സച്ചാർ കമ്മിറ്റി റിപ്പോർട്ട് പാർലമെന്റിലെ മേശപ്പുറത്ത് വെച്ചിട്ട് മാസം എട്ടു കഴിഞ്ഞു. സഹാനുഭൂതി നിറച്ചുള്ള പ്രധാനമന്ത്രിയുടെ പ്രസ്താവനകൾ കണ്ടപ്പോൾ എന്തെങ്കിലും നടപടിയുണ്ടാവുമെന്ന് ജനം പ്രതീക്ഷിച്ചു. അതിനിടക്ക് കേന്ദ്ര ബജറ്റ് വന്നു. സച്ചാർ കമ്മിറ്റി റിപ്പോർട്ട് കണ്ടിട്ടേയില്ലെന്ന മട്ടിലായിരുന്നു ധനമന്ത്രിയുടെ ബജറ്റവതരണം. ഇപ്പോഴിതാ കേന്ദ്രത്തിലെ വകുപ്പില്ലാ മന്ത്രി എ.ആർ ആന്തുലെ മുസ്‌ലിംകളുടെ ഉന്നമനത്തിനായി ഒരു പതിനഞ്ചിന കർമപദ്ധതിയുമായി രംഗപ്രവേശം ചെയ്തിരിക്കുന്നു. പേര് 'ആക്ഷൻ പ്ലാൻ' എന്നാണെങ്കിലും യാതൊരുവിധ ആക്ഷനും അതിൽ കാണാനില്ല. കുറേ മാർഗനിർദേശങ്ങൾ, പിന്നെ കമ്മിറ്റികളുടെ രൂപവത്കരണം- ഇതിനാണ് കർമപദ്ധതി എന്ന് പേരിട്ടിരിക്കുന്നത്. ഇവയുടെ കുറവ് കൊണ്ടാണല്ലോ മുസ്‌ലിംകൾ പിന്നാക്കമായിപ്പോയത്!

''ഇത് കടുത്ത വഞ്ചനയാണ്. തങ്ങൾ കൂടി അധികാരത്തിലേറ്റിയ ഒരു ഭരണകൂടം മുസ്‌ലിംകൾക്ക് നൽകുന്നത് കുറേ കമ്മിറ്റി റിപ്പോർട്ടുകൾ മാത്രമാണ്"- *ഏഷ്യൻ ഏജ്, ഡക്കാൻ ക്രോണിക്ക്ൾ* പത്രങ്ങളുടെ എഡിറ്റർ ഇൻ ചീഫ് എം.ജെ അക്ബർ തുറന്നടിച്ചു. "ഭരണാധികാരികൾ കരുതുന്നുണ്ടാവും, മുസ്‌ലിംകൾ മൊത്തം നിരക്ഷരരാണെന്ന്. മാർഗനിർദേശ(guide line)വും ആജ്ഞാപത്ര(order)വും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാത്തവരാണെന്ന്. മുസ്‌ലിംകൾക്ക് അർഹമായ പ്രാതിനിധ്യം നൽകൂ എന്നൊരു മാർഗനിർദേശം മാത്രമാണ് സർക്കാർ വകുപ്പുകളിലേക്ക് പോവുക. ഇത് നടപ്പാക്കാൻ ആർക്കും യാതൊരു ബാധ്യതയുമില്ല. വെറുതെ ആളുകളെ വിഡ്ഢികളാക്കുകയാണ്."

ആദ്യപടി എന്ന നിലയിൽ മുസ്‌ലിംകൾ കൂടുതലായി അധിവസിക്കുന്ന 338 നഗരങ്ങളിൽ അവർക്ക് സാമ്പത്തികമായി വളരാനുള്ള അവസരമൊരുക്കും, അത്തരം നഗരങ്ങളിൽ ബാങ്കുകളുടെ ബ്രാഞ്ചുകൾ സ്ഥാപിച്ച് വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കും, മുസ്‌ലിംകളോട് വിവേചനം കാണിക്കുന്നു എന്ന പരാതി അന്വേഷിക്കാൻ ഒരു ഉന്നതതല സമിതിയെ നിയോഗിക്കും, പാർലമെന്റിലും നിയമസഭകളിലും മുസ്‌ലിംപ്രാതിനിധ്യം ശുഷ്കമായിപ്പോയത് അന്വേഷിക്കാൻ മറ്റൊരു ഉന്നതതല സമിതി- ഇത്രയുമാണ്

‘കർമപദ്ധതി’. കുറേകൂടി കമ്മിറ്റികൾ ഉണ്ടാകും എന്നത് മാത്രമാണ് സംഭവിക്കാൻ പോകുന്നത്.

“കമ്മിറ്റികൾ ഉണ്ടാക്കുമെന്നാണ് ഗവൺമെന്റ് പറയുന്നത്. ഇനിയുമെത്ര കമ്മിറ്റികളെ നമുക്ക് സഹിക്കേണ്ടിവരും? വെറുതെ സമയം മെനക്കെടുത്തുകയാണ്” - പ്രശസ്ത കോളമിസ്റ്റ് ഹസൻ കമാൽ പറഞ്ഞു. “ഭരണകക്ഷിയുടെ അവഗണനയിൽ പ്രതിഷേധിച്ച് മാലേഗാവ് നഗരത്തിൽ രൂപവത്കരിച്ച ഇന്ത്യൻ മുസ്‌ലിം കോൺഗ്രസ് വിജയം കണ്ട ഒരു പരീക്ഷണമാണ്. അധികാരത്തിന്റെ ഇടനാഴികളിൽ അത് അപായ മണി മുഴക്കി. ഇത്തരം നീക്കങ്ങളിലൂടെ മാത്രമേ മുസ്‌ലിംകൾക്ക് ഭരണകക്ഷിയെ സമ്മർദത്തിലാക്കാനാവൂ.” ■

# സ്വീഡനിലും കാർട്ടൂൺ വിവാദം

***Nerikes** Allehanda* സ്വീഡനിലെ വളരെ ചെറിയ ഒരു ദിനപത്രമാണ്. ജനശ്രദ്ധ പിടിച്ചുപറ്റാൻ അവരും ചില പബ്ലിസിറ്റി സ്റ്റണ്ടുകൾ പുറത്തെടുക്കാറുണ്ട്. അതിൽ ഏറ്റവും മാരകവും പ്രകോപനപരവുമാണ് രണ്ടാഴ്ച മുമ്പ് കണ്ടത്. മനുഷ്യന്റെ തലയും നായയുടെ ഉടലുമുള്ള ഒരു കാർട്ടൂൺ അവർ പ്രസിദ്ധീകരിച്ചു. തലയുടെ ഭാഗത്ത് ‘പ്രവാചകൻ മുഹമ്മദ്’ എന്നെഴുതിവെച്ചിരുന്നു. സ്വീഡിഷ് ജനസംഖ്യയിൽ അഞ്ചു ലക്ഷത്തോളം വരുന്ന മുസ്‌ലിംകൾ പ്രതിഷേധിച്ചു; അക്രമാസക്തമായല്ല, സമാധാനപരമായി. പ്രശ്നം അന്താരാഷ്ട്രവത്കരിക്കാനും അവർക്ക് ഉദ്ദേശ്യമില്ല. ‘പ്രശ്നം ആളിപ്പടർത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല’ - സ്വീഡിഷ് മുസ്‌ലിം അസോസിയേഷന്റെ തലവൻ മുഹമ്മദ് അൽ ഖലഫി പറഞ്ഞു. ‘ദേശീയതലത്തിൽ ചർച്ചചെയ്ത് സമാധാനപരമായ പരിഹാരത്തിനാണ് ഞങ്ങൾ ശ്രമിക്കുക.’

ലാർഡ് വിൽക്സ് എന്നൊരാളാണ് അത്യന്തം അധിക്ഷേപാർഹമായ ഈ ചിത്രം വരച്ചത്. സ്വീഡനിലെ ആർട്ട് ഗാലറികളൊന്നും ഈ ചിത്രം പ്രദർശിപ്പിക്കാൻ കൂട്ടാക്കിയില്ല. സ്വീഡനിലെ പ്രധാന പത്രങ്ങളും അത് പ്രസിദ്ധീകരിക്കാൻ വിസമ്മതിച്ചു. പൊതുസമൂഹത്തിനും ഇത്തരം അവഹേളനങ്ങളോട് കടുത്ത അമർഷമുണ്ട്. ഇതെല്ലാം ശുഭസൂചനകളായാണ് സ്വീഡിഷ് മുസ്‌ലിംകൾ കാണുന്നത്. 2005 സെപ്റ്റംബറിൽ ഡെന്മാർക്കിലെ ജില്ലൻഡ്സ് പോസ്റ്റൻ പത്രം പ്രവാചകനെ നിന്ദിക്കുന്ന കാർട്ടൂണുകൾ പ്രസിദ്ധീകരിച്ചപ്പോൾ ക്ഷമാപണം നടത്തുന്നതിനു പകരം ആ അധമപ്രവൃത്തിയെ ന്യായീകരിച്ചതും യൂറോപ്പിലെ പല പത്രങ്ങളിലും കാർട്ടൂണുകൾ പുനഃപ്രസിദ്ധീകരിച്ചതുമാണ് അന്ന് പലയിടങ്ങളിലും പ്രക്ഷോഭങ്ങൾ അക്രമാസക്തമാവാൻ കാരണം. പത്രത്തിനെതിരെ കോടതിയെ സമീപിക്കാനാണ് സ്വീഡിഷ് മുസ്‌ലിം നേതൃത്വത്തിന്റെ തീരുമാനം.

മഹാന്മാരെ നിന്ദിക്കുന്ന കലാവൈകൃതങ്ങൾ നിരന്തരം പ്രത്യക്ഷപ്പെടുന്നതുകൊണ്ട് അത്തരം നിന്ദ യു.എൻ സുരക്ഷാസമിതി കുറ്റകൃത്യമായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് മുസ്‌ലിം പണ്ഡിതന്മാരും ജൂത-ക്രൈസ്തവ പുരോഹിതന്മാരും രംഗത്തുവന്നിട്ടുണ്ട്. ഈയിടെ, യേശു ക്രിസ്തുവിനെ ബിൻലാദിന്റെയും കന്യാമറിയത്തെ ബുർഖയണിഞ്ഞ അഫ്ഗാൻ സ്ത്രീയുടെയും വേഷത്തിൽ ചിത്രീകരിച്ച ഒരു ചിത്രം ക്രൈസ്തവസമൂഹത്തിന്റെ കടുത്ത എതിർപ്പ് ക്ഷണിച്ചുവരുത്തിയിരുന്നു. ആവിഷ്കാരസ്വാതന്ത്ര്യത്തിന് ചില പരിധികൾ വേണമെന്ന് ലിബറലിസത്തിന്റെ വക്താക്കൾ വരെ ചിന്തിച്ചുതുടങ്ങിയിരിക്കുന്നു. ■

# ‘ഹിയാബ്’

**മുസ്‌ലിം** വിദ്യാർഥിനികൾക്ക് പഠനം ദുസ്സഹമായ ഒരനുഭവമായി മാറുകയാണ് പല അമേരിക്കൻ-യൂറോപ്യൻ വിദ്യാലയങ്ങളിലും. ഹിജാബ് (ശിരോവസ്ത്രം) ആണ് പ്രശ്നം. അധ്യാപകരിൽനിന്നുള്ള മാനസിക പീഡനം, സഹപാഠികളുടെ പരിഹാസം. പല രാജ്യങ്ങളിലും ഭരണകൂടംതന്നെ വിദ്യാലയങ്ങളിൽ ഹിജാബ് ധരിക്കുന്നത് വിലക്കി. മുസ്‌ലിം വിദ്യാർഥിനിയുടെ ഈ നിസ്സഹായാവസ്ഥ മനസ്സിൽ തട്ടുന്ന ഭാഷയിൽ ചിത്രീകരിക്കുന്ന സ്പാനിഷ് ഹ്രസ്വചിത്രമാണ് ‘ഹിയാബ്’ (ഹിജാബിന്റെ സ്പാനിഷ് രൂപാന്തരം).

തലമറച്ച് എത്തുന്ന വിദ്യാർഥിനിയെ അധ്യാപിക ക്ലാസ് മുറിക്ക് പുറത്തു വെച്ച് വളരെ സൗമ്യമായി ഉപദേശിക്കുന്നു. മതത്തിന്റെ വസ്ത്രധാരണരീതികൾ അനുവദിക്കില്ലെന്ന് ഓർമപ്പെടുത്തുന്നു. അധ്യാപികയുടേത് പ്രേരണയുടെ സ്വരമാണെങ്കിലും അധികാരത്തിന്റെ ഭാഷ അതിൽ എളുപ്പത്തിൽ വായിച്ചെടുക്കാം. വേറെ മാർഗമില്ലെന്ന് വരുമ്പോൾ പെൺകുട്ടി ശിരോവസ്ത്രം പതുക്കെ അഴിച്ചുമാറ്റുന്നു. ആ മുഖത്തെ നിസ്സഹായത!

എട്ട് മിനിറ്റ് മാത്രം ദൈർഘ്യമുള്ള ഈ ചിത്രം സംവിധാനം ചെയ്തിരിക്കുന്നത് സ്പെയിനിലെ അൽകനാത് സംസ്ഥാനത്ത് 1971-ൽ ജനിച്ച സാവി സാല(Xavi Sala)യാണ്. സ്പാനിഷ് ഓസ്കാർ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഗോയ പുരസ്കാരത്തിന് ഈ സിനിമ (ഹ്രസ്വവിഭാഗത്തിൽ) നാമനിർദേശം ചെയ്യപ്പെട്ടിട്ടുണ്ട്. ചിത്രത്തിൽ ഫാത്വിമ എന്ന മുസ്‌ലിം പെൺകുട്ടിയായി അഭിനയിക്കുന്നത് ലൊറേന റൊസാഡോ. *ഇസ്‌ലാം ഓൺലൈൻ* നെറ്റിൽ ഇത് കാണാൻ സൗകര്യമൊരുക്കിയിട്ടുണ്ട്. ■